**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1852** **09-12-2022 - ൽ മറുപടിയ്ക്ക്**

**പാലക്കാട് ജില്ലയിലെ കൃഷിശ്രീ സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ ഏതൊക്കെ ബ്ലോക്കുകളിലാണ് കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | 2022-23 സാമ്പത്തിക വർഷത്തിൽ സംസ്ഥാന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിലെ ഷൊർണ്ണൂർ, തൃത്താല, ആലത്തൂർ ബ്ലോക്കുകളിലാണ് കൃഷിശ്രീ സെന്ററുകൾ അനുവദിച്ചിട്ടുള്ളത്. |
| (ബി) | ആലത്തൂർ മണ്ഡലത്തിലെ ഏതെങ്കിലും ബ്ലോക്കിൽ കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ ബ്ലോക്കിന് 2022-23 വാർഷിക പദ്ധതി പ്രകാരം കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ട്. |
| (സി) | ആലത്തൂർ മണ്ഡലത്തിൽ കൃഷിശ്രീ സെന്ററുകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുമോ; വ്യക്തമാക്കുമോ; | (സി) | ആലത്തൂർ മണ്ഡലത്തിലെ ആലത്തൂർ ബ്ലോക്കിന് 2022-23 വാർഷിക പദ്ധതി പ്രകാരം കൃഷിശ്രീ സെന്റർ അനുവദിച്ചിട്ടുണ്ട്. |
| (ഡി) | കൃഷിശ്രീ സെന്ററുകളുടെ പ്രവർത്തനം വിശദമാക്കാമോ? | (ഡി) | കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങൾ, സേവനങ്ങൾ മറ്റ് ഉല്പാദനോപാധികളുടെ ഉല്പാദനം, വിതരണം എന്നിവ മിതമായ നിരക്കിൽ ഒരു കേന്ദ്രത്തിൽ നിന്നു തന്നെ കർഷകർക്ക് ലഭ്യമാക്കുക എന്നുള്ളതാണ് കൃഷിശ്രീ സെന്റർ വഴി ലക്ഷ്യമിടുന്നത്. കൃഷിശ്രീ സെന്ററുകൾ ബ്ലോക്ക് അടിസ്ഥാനത്തിലാണ് സ്ഥാപിക്കുന്നത്. ബ്ലോക്ക് അടിസ്ഥാനത്തിലുള്ള കാർഷിക അനുബന്ധ തൊഴിലുകൾ ചെയ്യുന്നതിനായി 25 മുതൽ 35 വരെ അംഗങ്ങളെയാണ് (സർവ്വീസ് പ്രൊവൈഡേഴ്സ്) ഓരോ കൃഷിശ്രീ സെന്ററിലും ഉൾപ്പെടുത്തുന്നത് കൃഷിശ്രീ സെന്ററുകളുടെ ഭരണനിർവ്വഹണം നടത്തുന്നത് സ്ഥലം എം.എൽ.എ ചെയർമാനായും കൃഷി അസിസ്റ്റന്റ് ഡയറക്ടർ കൺവീനറുമായുള്ള ബ്ലോക്ക് തല ഉപദേശക സമിതിയാണ്. |

സെക്ഷൻ ഓഫീസർ